(സി) പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

കലാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം

74 (671) ശ്രീ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനങ്ങൾ മാനേജ്മെന്റിന് നിരോധിക്കാമെന്ന കോടതി ഉത്തരവ് സർക്കാർ പരിഗണിച്ച് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കലാലയങ്ങളിൽ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കണമെന്ന കോടതി ഉത്തരവിനെതിരെ വിദ്യാർത്ഥി സംഘടനകൾ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഹർത്താൽമൂലം പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾ

75 (672) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ.ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് മാസത്തിൽ എൽ.ഡി.എഫ്.നടത്തിയ ഹർത്താൽമൂലം വിദ്യാർത്ഥികൾക്ക് എസ്. എസ്.എൽ.സി. പരീക്ഷ എഴുതുവാൻ കഴിയാതെ വന്നിട്ടുണ്ടോ ;

(ബി) അവർക്ക് മറ്റു ദിവസങ്ങളിൽ പരീക്ഷയെഴുതുവാനുള്ള സംവിധാനമുണ്ടാക്കിയോ ;

(സി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് ഇപ്രകാരം പ്രത്യേക പരീക്ഷ നടത്തേണ്ടതായി വന്നത് ;

(ഡി) പ്രത്യേക പരീക്ഷയെഴുതിയ എത്ര പേർ വിജയിച്ചുവെന്ന് വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18-3-2003-ൽ നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷ (ഇംഗ്ലീഷ് രണ്ടാം പേപ്പർ) ഹർത്താൽ മൂലം പല കുട്ടികൾക്കും എഴുതാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത കുട്ടികൾക്കു വേണ്ടി 3-4-2003-ൽ പരീക്ഷ എഴുതുന്നതിനുള്ള പകരം സംവിധാനം ഉണ്ടാക്കിയിരുന്നു.

(സി) ഇംഗ്ലീഷ് രണ്ടാം പേപ്പറിനായിരുന്നു ഇപ്രകാരം പ്രത്യേക പരീക്ഷ നടത്തേണ്ടതായി വന്നത്.

(ഡി) പ്രത്യേക പരീക്ഷ എഴുതിയ 195 കുട്ടികളിൽ 38 പേർ വിജയിച്ചിട്ടുണ്ട്.

എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കാൻ നടപടി

76 (673) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ പാസ്സായ കുട്ടികൾ എത്ര ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള ആകെ സീറ്റ് എത്ര ;

(ഡി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) എസ്. എസ്. എൽ. സി. പാസ്സായ കുട്ടികൾക്ക് അവരവരുടെ ജില്ലകളിൽ തന്നെ പഠനം തുടർന്ന് നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ടോയെന്ന് പരിശോധിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഉണ്ടാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) 2003 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയിൽ മൊത്തം 3,62,392 കുട്ടികൾ പാസ്സായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly